# മഹാത്മാഗാന്ധി സർവ്വകലാശാല

## കോട്ടയം – 686560

തമ്പി മാത്യു
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 2731020, 273265
മൊബൈൽ: 9446025407

പി.ആർ.ഒ./39/194/2018 2018 സെപ്റ്റംബർ 15

## പത്രക്കുറിപ്പ്

**ദുരിതാശ്വാസ നിധി**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കോളേജുകളിൽ നിന്ന് സംഭാവന സമാഹരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ കോളേജുകൾക്കും വൈസ് ചാൻസിലർ കത്ത് നൽകിയിരുന്നു. അങ്ങനെ ഓരോ സ്ഥാപനവും ശേഖരിച്ച തുക, ദുരിതാശ്വാസ നിധിയിലേക്ക് അടച്ചതിന്റെ വിശദാംശങ്ങൾ, അക്കൗണ്ടിലേക്കാണ് അടച്ചതെങ്കിൽ അക്കൗണ്ട് നമ്പർ എന്നിവ അടിയന്തരമായി സംസ്ഥാന സർക്കാരിനെ അറിയിക്കേണ്ടതായിട്ടുണ്ട്. ഇനിയും തുക സമാഹരിച്ചിട്ടില്ലെങ്കിൽ പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 17 ന് തന്നെ തുക സമാഹരിച്ച് മുകളിൽ സൂചിപ്പിച്ച വിശദാംശങ്ങൾ സഹിതം വൈകുന്നേരം 3 മണിക്ക് മുമ്പായി registrar@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്. ഇക്കാര്യത്തിൽ എല്ലാ കോളേജ് പ്രിൻസിപ്പൽമാരും വ്യക്തിപരമായി ശ്രദ്ധ പതിപ്പിച്ച് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**പുതുക്കിയ പരീക്ഷാ തീയതി**

രണ്ടാം സെമസ്റ്റർ എം.എ/എം.സി.ജെ/എം.റ്റി.എ./എം.എസ്.സി./എം.കോം. (സി.എസ്.എസ് 2017 അഡ്മിഷൻ റഗുലർ, 2014, 2015 & 2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, 2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ്) എന്നിവയുടെ ജൂലൈ 18 ന് നടക്കേണ്ടിയിരുന്ന പരീക്ഷകൾ സെപ്റ്റംബർ 24 നും (തിങ്കളാഴ്ച്ച) ജൂലൈ 20 ന് നടക്കേണ്ടിയിരുന്ന പരീക്ഷകൾ സെപ്റ്റംബർ 18 നും (ചൊവ്വാഴ്ച്ച) രണ്ടാംസെമസ്റ്റർ എം.എസ്.ഡബ്ല്യൂ (സി.എസ്.എസ് 2017 അഡ്മിഷൻ റഗുലർ, 2014, 2015 & 2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, 2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ്) എന്നിവയുടെ ജൂലൈ 18 ന് നടക്കേണ്ടിയിരുന്ന പരീക്ഷകൾ സെപ്റ്റംബർ 19 നും (ബുധനാഴ്ച്ച) ജൂലൈ 20 ന് നടക്കേണ്ടിയിരുന്ന പരീക്ഷകൾ സെപ്റ്റംബർ 18 നും (ചൊവ്വാഴ്ച്ച) നടക്കും. ടൈം ടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

**പ്രാക്ടിക്കൽ പരീക്ഷ**

രണ്ടാം സെമസ്റ്റർ ബി.എസ്.സി ബയോകെമിസ്ട്രി-കോംപ്ലിമെന്ററി (റെഗുലർ/ഇമ്പ്രൂവ്മെന്റ്/സപ്ലിമെന്ററി) ജൂൺ-ജൂലൈ 2018 ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ സെപ്റ്റംബർ 18ാം തിയതി മുതൽ അതാത് കോളേജുകളിൽ ആരംഭിക്കും. വിശദമായ ടൈം ടേബിൽ വെബ്സൈറ്റിൽ ലഭ്യമാണ്.

രണ്ടാം സെമസ്റ്റർ ബി.എസ്.സി അപ്പാരൽ ആന്റ് ഫാഷൻ ഡിസൈൻ/ബി.എഫ്.ടി (യു.ജി)(സി.ബി.സി.എസ്-2017 അഡ്മിഷൻ റെഗുലർ/സി.ബി.സി.എസ്.എസ്-2013-2016 അഡ്മിഷൻ റീ അപ്പിയറൻസ്) ജൂൺ/ജൂലൈ 2018 ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ സെപ്റ്റംബർ 17 മുതൽ വിവിധ കോളേജുകളിൽ വെച്ച് നടത്തപ്പെടുന്നു. വിശദമായ ടൈം ടേബിൽ വെബ്സൈറ്റിൽ ലഭ്യമാണ്.

രണ്ടാം സെമസ്റ്റർ ബി.എ. ആനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ, ബി.എ. മൾട്ടിമീഡിയ, ബി.എ വിഷ്വൽ ആർട്സ്, ബി.എ. വിഷ്വൽ കമ്യൂണിക്കേഷൻ, ബി.എ. ആനിമേഷൻ ആന്റ് വിഷ്വൽ എഫക്ട്സ്, ബി.എ. ഓഡിയോഗ്രഫി ആന്റ് ഡിജിറ്റൽ എഡിറ്റിംഗ് സി.ബി.സി.എസ്.എസ് (യു.ജി) (സി.ബി.സി.എസ്.-2017 അഡ്മിഷൻ റെഗുലർ/

സി.ബി.സി.എസ്.എസ്- 2013-2016 അഡ്മിഷൻ റീ അപ്പിയറൻസ്) ജൂൺ/ജൂലൈ 2018 ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ സെപ്തംബർ 18 മുതൽ വിവിധ കോളേജുകളിൽ വെച്ച് നടത്തപ്പെടുന്നു. വിശദമായ ടൈം ടേബിൽ വെബ്സൈറ്റിൽ ലഭ്യമാണ്.

**അപേക്ഷാ തീയതി**

മൂന്നാം സെമസ്റ്റർ സി.ബി.സി.എസ് (ന്യൂ സ്കീം റെഗുലർ 2017 അഡ്മിഷൻ), മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് (2013-2016 അഡ്മിഷൻ റീ അപ്പിയറൻസ്), അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ് (2016 അഡ്മിഷൻ റെഗുലർ - 2013-2015 അഡ്മിഷൻ റീ അപ്പിയറൻസ്) ബിരുദ പരീക്ഷകൾക്ക് സെപ്റ്റംബർ 27 വരെ അപേക്ഷിക്കാം. 50 രൂപ ഫൈനോടെ 29 വരെയും 500 രൂപ സൂപ്പർ ഫൈനോടെ ഒക്ടോബർ 5 വരെയും അപേക്ഷിക്കാം.

വിദ്യാർത്ഥികൾ 200 രൂപ സി.വി. ക്യാമ്പ് ഫീ ആയും 25 രൂപ വീതം മാർക്ക് ലിസ്റ്റ് ഫീ ആയും, ആപ്ലിക്കേഷൻ ഫോം ഫീ (വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുന്നവർ മാത്രം) ആയും അടയ്ക്കേണ്ടതാണ്. റീ അപ്പിയറൻസ് വിദ്യാർത്ഥികൾ 50 രൂപ രജിസ്ട്രേഷൻ ഫീ ആയും അധികം അടയ്ക്കേണ്ടതാണ്. ഇന്റേണൽ ഇവാല്യേഷൻ റീ-ഡു ചെയ്യുന്ന വിദ്യാർത്ഥികൾ പേപ്പറൊന്നിന് 100 രൂപ വീതം അടയ്ക്കേണ്ടതാണ്. 2013-2015 അഡ്മിഷൻ അഞ്ചാം സെമസ്റ്റർ, മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് വിദ്യാർത്ഥികൾ അപേക്ഷാ ഫോറം സർവ്വകലാശാലാ ഓഫീസിൽ നേരിട്ട് സമർപ്പിക്കേണ്ടതാണ്. 2017 അഡ്മിഷൻ (റെഗുലർ-ന്യൂ സ്കീം) മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്. വിദ്യാർത്ഥികളും 2016 അഡ്മിഷൻ മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് വിദ്യാർത്ഥികളും അതാത് കോളേജുകൾ മുഖേന അപേക്ഷ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഇമ്പ്രൂവ്മെന്റ് വിദ്യാർത്ഥികൾ 50 രൂപ രജിസ്ട്രേഷൻ ഫീ ആയും അധികം അടയ് ക്കേണ്ടതാണ്. ഇന്റേണൽ ഇവാല്യേഷൻ റീ-ഡു ചെയ്യുന്ന വിദ്യാർത്ഥികൾ പേപ്പറൊന്നിന് 100 രൂപ വീതവും 50 രൂപ മാർക്ക് ലിസ്റ്റിനും അടയ്ക്കേണ്ടതാണ്.

അഞ്ചാം സെമസ്റ്റർ പ്രോജക്ട് ഇവാലുവേഷൻ ചെയ്യുന്ന വിദ്യാർത്ഥികൾ 75 രൂപ പ്രോജക്ട് ഇവാലുവേഷൻ ഫീ ആയി അടയ്ക്കേണ്ടതാണ്. പരീക്ഷാ തീയതിയും വിശദമായ ടൈം ടൈബിളും പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്. വിശദാംശങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാ ഫലം**

നാലാം സെമസ്റ്റർ എം.എസ്.സി ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി (സി.എസ്.എസ് റെഗുലർ ആന്റ് സപ്ലിമെന്ററി) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യ നിർണ്ണയത്തിനും സൂക്ഷ്മ പരിശോധനക്കും ഒക്ടോബർ 1 വരെ അപേക്ഷിക്കാം.

പി.ആർ.ഒ. (ഇൻ ചാർജ്)